എ.ഡി(1) 4174/2013

സഹകരണ ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ.പി.ഒ. പി.ബി. നമ്പർ.5432
തിരുവനന്തപുരം, തീയതി. **13/08/2013**

## സർക്കുലർ. നമ്പർ. 9/2013

വിഷയം:- സഹകരണ വകുപ്പ് - ആഡിറ്റ് - പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങളെ ആർ.എൻ.എ യിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 14/07/1971 ലെ 26/71 നമ്പർ സർക്കുലർ.
2) കൃഷി (സഹ) വകുപ്പിന്റെ 15/05/1974 ലെ 10054/സി.ഇ.2/74/എ.ഡി നമ്പർ സർക്കുലർ.
3) കൃഷി (സഹ) വകുപ്പിന്റെ 26/12/1975 ലെ 3630/75/എ.ഡി ഗവൺമെന്റ് ഉത്തരവ്.
4) സഹകരണ സംഘം രജിസ്ട്രാറുടെ 09/07/2013 ലെ സി.എൽ.റ്റി(2)8992/11 നമ്പർ കത്ത്.

അക്കൗണ്ടുകൾ പൂർത്തിയാക്കി ആഡിറ്റിനു സമർപ്പിക്കാത്തതുമൂലം നിരവധി സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് സൂചന(1) മുതൽ (3) വരെയുള്ള സർക്കുലർ നിർദ്ദേശങ്ങൾ സർക്കാരും സഹകരണ സംഘം രജിസ്ട്രാറും പുറപ്പെടുവിച്ചിട്ടുള്ളത്. അക്കൗണ്ടുകൾ എഴുതാതിരിക്കുകയോ; രേഖകൾ നശിപ്പിക്കുകയോ ചെയ്യുന്നതുമൂലം സഹകരണ സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അത്തരം സംഘങ്ങൾക്ക് സഹകരണ നിയമം വകുപ്പ് 63 ഉപവകുപ്പ് (3) പ്രകാരം സമൻസ് നൽകി രേഖകൾ ആഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കുന്നില്ലെങ്കിൽ അത്തരം സംഘങ്ങളുടെ ലിസ്റ്റ് സമാപ്തീകരണ നടപടികൾക്കായി ഭരണ വിഭാഗത്തിനു നൽകണമെന്ന് സൂചന(2),(3) എന്നിവ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സൂചന(4) പ്രകാരം നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിക്കാതെ നിയമ വിരുദ്ധമായി സഹകരണ സ്ഥാപനങ്ങളെ ആർ.എൻ.എ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർ പരിശോധനയിൽ കണ്ടെത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. ഏതൊരു സഹകരണ സംഘത്തെയും ആർ.എൻ.എ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനു മുൻപായി സഹകരണ നിയമം, ചട്ടം, സർക്കാരിന്റെയും സഹകരണ സംഘം രജിസ്ട്രാർ എന്നിവരുടെയും സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമായുള്ള സമൻസ്/നോട്ടീസ് സഹകരണ സംഘങ്ങൾക്ക് നിയമാനുസൃത രീതിയിൽ നൽകിയിരിക്കേണ്ടതാണ്.

2. അക്കൗണ്ടുകൾ, രേഖകൾ എന്നിവ പൂർത്തിയാക്കി സമർപ്പിക്കുന്നതിന് സഹകരണ നിയമം 63(3) പ്രകാരം നൽകുന്ന സമൻസിൽ സംഘങ്ങൾക്ക് കുറഞ്ഞത് 30 ദിവസത്തെ സമയമെങ്കിലും അനുവദിയ്ക്കേണ്ടതാണ്.

3. സമൻസ് നൽകിയിട്ടും രേഖകളും അക്കൗണ്ടുകളും ആഡിറ്റിനു ഹാജരാക്കാത്ത സംഘം ഭാരവാഹികൾക്കെതിരെ വകുപ്പ് 94 ഉപവകുപ്പ് 4(എ) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ ആഫീസുകളിൽ ആർ.എൻ.എ വിഭാഗത്തിൽ ഉൾപ്പെടുത്തിയ സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും, ആയതിൽ വകുപ്പ് 63(3) പ്രകാരം നൽകിയ സമൻസ് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

5. ആർ.എൻ.എ വിഭാഗത്തിൽപ്പെടുത്തിയ സഹകരണ സംഘങ്ങളെ സംബന്ധിച്ച് ജോയിന്റ് ഡയറക്ടർമാർ വിശദമായ പരിശോധന നടത്തേണ്ടതും ആർ.എൻ.എ വിഭാഗത്തിൽപ്പെടുത്തിയ സഹകരണ സംഘങ്ങൾക്കെല്ലാം പ്രത്യേകം പ്രത്യേകമായി വകുപ്പ് 63(3) പ്രകാരമുള്ള നോട്ടീസ് നൽകി എന്നുറപ്പുവരുത്തേണ്ടതും മേലിൽ സംഘങ്ങളെ ആർ.എൻ.എ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുമുൻപായി അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ നടപടിക്രമങ്ങൾ നിയമാനുസൃതം പൂർത്തിയാക്കി എന്നുറപ്പുവരുത്തേണ്ടതുമാണ്.

6. പ്രവർത്തനക്ഷമമായ സംഘങ്ങളെ അക്കൗണ്ടുകൾ പൂർത്തീകരിച്ചില്ല അഥവാ സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കിയില്ല എന്ന കാരണത്താൽ ആർ.എൻ.എ പട്ടികയിൽപെടുത്തുന്ന തിനു പകരം അവയുടെ അക്കൗണ്ടുകൾ പൂർത്തീകരിച്ചു ലഭിയ്ക്കുന്നതിന് ഭരണ വിഭാഗവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

7. അസിസ്റ്റന്റ് ഡയറക്ടറുടെയും, ജോയിന്റ് ഡയറക്ടറുടെയും ആഫീസുകളിൽ ആർ.എൻ.എ വിഭാഗത്തിൽ ഉൾപ്പെടുത്തിയ സംഘങ്ങളുടെ ലിസ്റ്റ് കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. സമാപ്തീകരണം നടത്തിയവ, പ്രവർത്തനം പുനരാരംഭിച്ചവ, സംയോജനം നടത്തിയവ തുടങ്ങിയ സംഘങ്ങളെ ടി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതും പ്രതിമാസ ആഡിറ്റ് പുരോഗതി റിപ്പോർട്ടിൽ അതിനനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

8. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും, ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർമാർ ഇക്കാര്യം തങ്ങളുടെ നിയന്ത്രണത്തിലുള്ള അസിസ്റ്റന്റ് ഡയറക്ടർമാർ, ആഡിറ്റർമാർ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

ഒപ്പ്
വി. സനൽകുമാർ, ഐ.എ.എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

പകർപ്പ് :- 1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും,
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർ മുഖേന)
3. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കെ.സി.എം.എം.എഫ്
4. അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, TRCMPU, ERCMPU,MRCMPU
5. അഡീഷണൽ ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ ആഫീസ്
6. എ.ഡി(2),(3),(4) സെക്ഷനുകൾക്ക്
7. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

സഹകരണ ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ